ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ വിളിക്കുകയും തുടർന്ന് കോൺട്രാക്ടറെ നിശ്ചയിച്ച് കരാറിൽ ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

പദ്ധതി അടങ്കൽ തുക 110.85 കോടിരൂപയാണ്. പീക്കിംഗ് സ്റ്റേഷനായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കരാർ തീയതി മുതൽ 14 മാസം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

65 (410) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കോതമംഗലം നമ്പർ 1 സെക്ഷൻ ഓഫീസ് വിഭജിച്ച് നെല്ലിക്കുഴി പഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

66 (411) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) റാന്നി താലൂക്കിൽ നിർമ്മാണത്തിലിരിക്കുന്ന പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ പണികൾ ഏതുഘട്ടംവരെയായി എന്നും, എന്ന് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ സിവിൽ വർക്കുകളുടെ ചുമതല ആർക്കാണ് ; പ്രസ്തുത പ്രവൃത്തികളുടെ ഘട്ടം ഏതുവരെയായി ; ഇനി എന്തൊക്കെ സിവിൽ ജോലികളാണ് നടക്കാനുള്ളത് ;

(സി) പദ്ധതിയുടെ മെക്കാനിക്കൽ വർക്കുകൾ ആരംഭിച്ചോ ; എന്തൊക്കെ മെക്കാനിക്കൽ ജോലികളാണ് ആരംഭിച്ചത് ; ഇനി എന്തൊക്കെയാണ് നടക്കാനുള്ളത് ; മെക്കാനിക്കൽ ജോലികളുടെ കരാർ ആരാണ് ഏറ്റെടുത്തിരിക്കുന്നത് ;

(ഡി) പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ വർഷത്തിൽ എല്ലാ മാസവും ഇവിടെനിന്നും വൈദ്യുതോല്പാദനം സാധ്യമാക്കുമോ ; സാധ്യമാകാത്ത മാസങ്ങൾ ഏതൊക്കെ ; ഇവിടെനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ/എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പദ്ധതിക്കായി നിർമ്മിക്കുന്ന തടയണയുടെ മുകളിലൂടെ ഇരുകരകളെയും ബന്ധിപ്പിച്ച് വാഹന ഗതാഗതം സാധ്യമാക്കുന്ന എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) പദ്ധതി നടപ്പാക്കാനുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ; പ്രശ്നം പരിഹരിച്ച് പണി മുന്നോട്ട് കൊണ്ടുപോകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 41.75 ശതമാനം പണികൾ പൂർത്തിയായി. 2016 ജൂണിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. 6 മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതിയിൽനിന്നും ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നത്.

(ബി) പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്, കൊച്ചി ആണ് സിവിൽ ജോലികൾ ഏറ്റെടുത്തത്. 25 ശതമാനം സിവിൽ ജോലികൾ പൂർത്തിയായി. വിയർ, പവർ ചാനൽ, ഫോർബേ ടാങ്ക്, പവർ ഹൗസ് എന്നിവയുടെ ബാക്കി ജോലികൾ പൂർത്തിയാകാനുണ്ട്. അത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 85 ശതമാനം മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഇറക്ഷൻ ജോലികൾ ആരംഭിച്ചിട്ടില്ല. പവർ ഹൗസിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഇവ ആരംഭിക്കുന്നതാണ്.

M/s. ഫ്ലോവൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്, ഫരീദാബാദ് എന്ന കമ്പനിയാണ് ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ കരാർ ഏറ്റെടുത്തത്. പെൻസ്റ്റോക്കിന്റെയും ഗേറ്റുകളുടെയും നിർമ്മാണം തുടങ്ങിയിട്ടില്ല. സിവിൽ ജോലികളോടനുബന്ധിച്ചുള്ള മെക്കാനിക്കൽ ജോലികൾ ചെയ്യുന്നത് പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി തന്നെയാണ്.

(ഡി) ജൂൺമുതൽ ഡിസംബർവരെ ഉൽപ്പാദനം നടത്താനാണ് പദ്ധതിവഴി ലക്ഷ്യമിട്ടിരിക്കുന്നത്. ജനുവരി മുതൽ മേയ് മാസം വരെ ഉൽപ്പാദനം പ്രതീക്ഷിക്കുന്നില്ല.

റാന്നി 110 കെ.വി. സബ്സ്റ്റേഷന്റെയും റാന്നി-പെരുനാട് 33 കെ.വി. സബ്സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, പെരുനാട്, റാന്നി, റാന്നി-പഴവങ്ങാടി, റാന്നി-അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ഇ) തടയണയുടെ മുകളിലൂടെ 2.4 മീറ്റർ വീതിയുള്ള പാലംവഴി വാഹനഗതാഗതം സാദ്ധ്യമാകുന്ന പ്രകാരമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(എഫ്) പദ്ധതിക്കാവശ്യമുള്ള ഇടുക്കരയിലെ ഭൂമിക്കുവേണ്ടി ഫോറസ്റ്റ് അനുമതി ലഭിക്കുന്നതിനും ഭൂമി മരം മുറിച്ച് കൈമാറുന്നതിനും വന്ന കാലതാമസമാണ് പദ്ധതി വൈകാൻ ഇടയായത്. പദ്ധതിക്കുവേണ്ടി ഭൂമിയിൽ കുറച്ചുകൂടി ലഭിക്കാനുണ്ട്. ഭൂമി ഏറ്റെടുക്കാൻ പുതിയ നിയമം പ്രാബല്യത്തിൽ വന്നതിനാലും ഇനിയും ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച് ചില വ്യവഹാരം നിലനിൽക്കുന്നതിനാലുമാണ് ഭൂമി ഏറ്റെടുക്കലിന് ഉദ്ദേശിച്ച വേഗം കൈവരിക്കാത്തത്.

ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി (ഡി.എൽ.പി.സി.) മുഖാന്തരം നെഗോഷ്യേറ്റഡ് പർച്ചേസ് വഴി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് 6-3-2015-ലെ ജി.ഒ.(ആർ.റ്റി.) 53/ 2015/ ഊ.വ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വള്ളിക്കുന്നം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം

67 (412) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കാമോ ;

(ബി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) വള്ളിക്കുന്നം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിൽ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, (25,000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. ചാരുമ്മൂട്, കൃഷ്ണപുരം, കറ്റാനം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് വള്ളിക്കുന്നം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ വള്ളിക്കുന്നത്ത് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഇക്കാര്യം കൈകാര്യം ചെയ്യുന്നത് ഡി.(ഡി&എസ്.)/ഡി.5/എൻ.എസ്. വള്ളിക്കുന്നം/4028/2013 എന്ന ഫയലിലാണ്.

(ഡി) 45 സെക്ഷൻ ഓഫീസുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കർഷകർക്ക് ഏർപ്പെടുത്തിയ വൈദ്യുതി നിരക്ക്

68 (413) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.